## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 861 30.01.2019-ൽ മറുപടിയ്ക്ക്.

### <u>വന്യജീവികളുടെ ആക്രമണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| | അഡ്വ.കെ.രാജു |
| ശ്രീ.കെ.ജെ.മാക്സി | (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണത്തിന് ഇരയായി മരണപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; ഇവരുടെ കുടുംബത്തിന് നാളിതുവരെ എത്ര തുക നഷ്ടപരിഹാരമായി അനുവദിച്ചു എന്നറിയിക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണത്തിൽ 46 പേർ മരിച്ചിട്ടുണ്ട്. കൂടാതെ വനത്തിന് പുറത്ത് പാമ്പ് കടിയേറ്റ് 256 പേരും മരണപ്പെട്ടിട്ടുണ്ട്. ഇവരുടെ കുടുംബങ്ങൾക്ക് ആകെ 4,92,82,500/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. |
| (ബി) നഷ്ടപരിഹാരത്തോത് എപ്രകാരമാണ് കണക്കാക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ)നം.17/18/വനം പ്രകാരം, വന്യജീവി ആക്രമണം മൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണത്തിന് മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്. |

(സി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം,നാളിതുവരെ വന്യജീവി ആക്രമണങ്ങളിൽ എത്ര പേർക്ക് പരിക്കേറ്റെന്നും എത്ര ഹെക്ടർ കൃഷിസ്ഥലത്ത് കൃഷിനാശം സംഭവിച്ചെന്നും എത്ര വീടുകൾ നഷ്ടപ്പെട്ടെന്നും വ്യക്തമാക്കാമോ;

(സി)&(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെയും നഷ്ടപരിഹാരം നൽകിയതിന്റെയും കണക്കുകൾ ചുവടെ ചേർക്കുന്നു.

| വന്യജീവികളുടെ ആക്രമണം മൂലം പരിക്കേറ്റവർ (എണ്ണം) | നഷ്ടപരിഹാരമായി നല്കിയ തുക (രൂപ) | വന്യജീവികളുടെ ആക്രമണം മൂലം കൃഷിനാശം (ഹെക്ടർ) | നഷ്ടപരിഹാരമായി നല്കിയ തുക (രൂപ) | വന്യജീവികളുടെ ആക്രമണം മൂലം വീട് നാശം (എണ്ണം) | നഷ്ടപരിഹാരമായി നല്കിയ തുക (രൂപ) |
|---|---|---|---|---|---|
| 1985 | 5,65,06,808 | 8542 | 10,46,23,016 | 365 | 64,67,488 |

(ഡി) പരിക്കേറ്റവർക്കും വീട് നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും നഷ്ടപരിഹാരമായി എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റതിന ശേഷം സംസ്ഥാനത്ത് നാളിതുവരെ എത്ര പേർ പാമ്പ് കടിയേറ്റ് മരണപ്പെട്ടു; ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി എത്ര തുക അനുവദിച്ചുവെന്ന് വിശദമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ 256 പേർ പാമ്പുകടിയേറ്റ് മരണപ്പെട്ടിട്ടുണ്ട്. ഇവരുടെ കുടുംബങ്ങൾക്ക് 201.50 ലക്ഷം രൂപ നഷ്ടപരിഹാരമായി നല്കിയിട്ടുണ്ട്.

(എഫ്) ഇത്തരത്തിലുള്ള വന്യജീവി ആക്രമണങ്ങളിൽ നിന്നും ജനങ്ങളെയും കൃഷിമേഖലയെയും സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം വ്യക്തമാക്കാമോ?

(എഫ്) വന്യജീവി ആക്രമണങ്ങളിൽ നിന്നും ജനങ്ങളെയും കൃഷി മേഖലയെയും സംരക്ഷിക്കുവാൻ വനം വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, റെയിൽ ഫെൻസിംഗ്, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവയുടെ നിർമ്മാണം.

2. വനത്തിനു പുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെൻറുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. ബോധവൽക്കരണ നടപടികൾ.

സെക്ഷൻ ഓഫീസർ